I/185249/2024

**ഫയൽ നം :G2/13/2024-TC** **തീയതി : 28-02-2024**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം :08/2024**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ഓഫീസുകളിൽ വരുന്ന സന്ദർശകർക്കുള്ള നിയന്ത്രണം -സംബന്ധിച്ച്

സൂചന :- 1).11.10.2023 തീയതിയിലെ G4/2341/TC/2013 നമ്പർ കത്ത്
2).11.06.2015 തീയതിയിലെ G3/6696/TC/2015 നമ്പർ കത്ത്
3).11.11.2015 തീയതിയിലെ സർക്കുലർ നം :24/2015
4).മോട്ടോർ വാഹന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ബഹു. ഗതാഗത വകുപ്പ് മന്ത്രി 20.02.2024 തീയതിയിൽ നടത്തിയ ചർച്ചയിലെ തീരുമാനം

മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും വാഹനം/ലൈസൻസ് എന്നിവ സംബന്ധിച്ചുള്ള പല സേവനങ്ങൾക്കും വകുപ്പിന് കീഴിൽ വരുന്ന ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി അപേക്ഷകരും മറ്റ് വിധത്തിലുള്ള ഇടത്തട്ടുകാരും പൊതുജനങ്ങളും സന്ദർശിക്കാറുള്ളതാണ്. ഇപ്രകാരം ഓഫീസുകളിൽ വരുന്ന സന്ദർശകരെ പബ്ലിക് റിലേഷൻ ഓഫീസറുടെ മുമ്പാകെ വരെ മാത്രമേ ഇനി മുതൽ സന്ദർശനം അനുവദിക്കാവൂ . പ്രസ്തുത ആളുകൾക്ക് ഒരു കാരണവശാലും സെക്ഷനുകളിലേക്ക് പ്രവേശനം അനുവദിക്കുവാൻ പാടുള്ളതല്ല. അപേക്ഷകളിൽ കൂടുതൽ വ്യക്തത ആവശ്യമുള്ള കേസുകളിൽ മാത്രം **ഓഫീസ് മേധാവിയെ** കണ്ട് പരിഹാരം തേടുന്നതിനു സന്ദർശകരെ അനുവദിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

മേൽ നിർദ്ദേശം കർശനമായി പാലിക്കുന്നുവെന്നു ഓഫീസ് മേധാവികൾ ഉറപ്പു വരുത്തേണ്ടതാണ്.

Signed by
S Sreejith I P S
Date: 28-02-2024 15:23:25

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ് :- 1).എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2).എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3).എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

I/185249/2024

4).എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

5).ട്രാൻസ്പോർട്ട് കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.റ്റി.എ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ(ടാക്സേഷൻ), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലോ ഓഫീസർ എന്നിവരുടെ സി.എ-മാർക്കും, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർക്കും, അസിസ്റ്റന്റ് സെക്രട്ടറി, എസ്.റ്റി.എ-യ്ക്കും അക്കൗണ്ട്സ് ഓഫീസർക്കും, നോഡൽ ഓഫീസർ എസ്.എസ്.ജി.യ്ക്കും, എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും

| മോട്ടോർ വാഹന വകുപ്പ്, കേരളം |
| --- |